compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ഓഗസ്റ്റ് 04
**Tuesday, 04th August 2026**

1201 കർക്കടകം 19
**19th Karkadakam 1201**

1948 ശ്രാവണം 13
**13th Sravana 1948**

വാല്യം 15
**Vol. XV**

നമ്പർ
**No.** **31**

## Part III

# Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**പത്തനംതിട്ട ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ എസ് മഹേഷ് നാരായണൻ,, ഡെപ്യൂട്ടി ഡയറക്ടർ)**

നം. DDPTA/392/2023-C /കെ.ഡിസ് 28-07-2026

വിഷയം :- ക്ഷീരവികസന വകുപ്പ്, പത്തനംതിട്ട നീരാട്ടുകാവ് കക്കുടുമൺ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 74 (ഡി) ആപ്കോസ് -- സമാപ്തീകരണം - 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- (1) ഈ ഓഫീസിലെ 29/07/2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

(2) റാന്നി ഡയറി ഫാം ഇൻസ്ട്രക്ടർ എ യൂണിറ്റിന്റെ 24/072026 തീയതിയിലെ 182/2023 നമ്പർ റിപ്പോർട്ട്.

പത്തനംതിട്ട ജില്ലയിലെ റാന്നി ബ്ലോക്കിൽ നാറാണമ്മൂഴി ഗ്രാമപഞ്ചായത്തിലെ വാർഡ് 6, പഴവങ്ങാടി ഗ്രാമ പഞ്ചായത്തിലെ 5, 8 എന്നീ വാർഡുകൾ പ്രവർത്തന പരിധിയായി ഉൾപ്പെടുത്തി കക്കുടുമൺ ആസ്ഥാനമാക്കി 02/08/1989 തീയതിയിൽ രജിസ്റ്റർ ചെയ്ത് 16/10/1989 തീയതിയിൽ പ്രവർത്തനം ആരംഭിച്ച നീരാട്ടുകാവ് കക്കുടുമൺ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 74 (ഡി) ആപ്കോസ് 22/05/2004 മുതൽ പ്രവർത്തനരഹിതമാണ്. ടി സംഘം സമാപ്തീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം റാന്നി ഡയറി ഫാം ഇൻസ്ട്രക്ടർ എ യൂണിറ്റിനെ 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 72 പ്രകാരം ലിക്വിഡേറ്ററായി നിയമിച്ചിരുന്നു.

22/05/2004 തീയതിയിൽ കൂടിയ നീരാട്ടുകാവ് കക്കുടുമൺ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 74 (ഡി) ആപ്കോസ് ഭരണസമിതി യോഗം സംഘം പ്രവർത്തനം അവസാനിപ്പിച്ച് തീരുമാനം എടുത്തിരുന്നുവെങ്കിലും 18/02/2005 തീയിതിയിൽ ചേർന്ന വിശേഷാൽ പൊതുയോഗം സംഘം പുനരുദ്ധരീകരിക്കുന്നതിന് തീരുമാനം എടുക്കുകയുണ്ടായി. എന്നാൽ സംഘത്തിന്റെ മിനിറ്റ്സ് ബുക്ക് ഒഴികെ യാതൊരു രേഖകളും ആസ്തികളും കൈമാറി ലഭിച്ചിരുന്നില്ല എന്ന് ഡെപ്യൂട്ടി ഡയറക്ടറുടെ 10/07/2007 തീയതിയിലെ സി2/2383/2006 നമ്പർ ഉത്തരവ് പ്രകാരം നിയമിതനായ പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററുടെ തീരുമാനം ലഭിച്ചിട്ടുള്ളതായും ലിക്വിഡേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംഘത്തിന് വിലപിടിപ്പുള്ളതോ വില്പനയിലൂടെ ധനം ആർജ്ജിക്കാവുന്നതോ ആയ വസ്തുക്കൾ ഒന്നും ലഭിച്ചിട്ടില്ലാത്തതും റിക്കോർഡുകൾ, ആസ്തി ബാധ്യത എന്നിവ സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ലഭ്യമല്ലാത്തതുമാകുന്നു. സംഘവുമായി ബന്ധപ്പെട്ട് ബാധ്യതകൾ ഉള്ള പക്ഷം ആയത് ബോധിപ്പിക്കുന്നതിനായി നോട്ടീസ് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും ടി നോട്ടീസിന് യാതൊരു ആക്ഷേപവും ലഭിച്ചിട്ടില്ലാത്തതുമാകുന്നു.

സംഘം സമാപ്തീകരണം സംബന്ധിച്ച് റ്റി ആർ സി എം പി യു, സർക്കിൾ സഹകരണ യൂണിയൻ, കേരള സംസ്ഥാന സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന കത്തിന്മേൽ ആക്ഷേപം ഒന്നും ലഭിച്ചിട്ടില്ലാത്തതായും ലിക്വിഡേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംഘം തുറന്ന് പ്രവർത്തിപ്പിക്കുവാൻ യാതൊരു സാധ്യതയും ഇല്ലാത്തതിനാലും ക്ലെയിം നോട്ടീസ് പ്രസിദ്ധപ്പെടുത്തിയ ഗസറ്റ് വിജ്ഞാപനത്തിനുശേഷവും യാതൊരുവിധ അവകാശവാദവും ലഭ്യമല്ലാത്തതിനാലും സംഘത്തിന്റെ ആസ്തി ബാധ്യത സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ ലഭ്യമല്ലാത്തതിനാലും അന്തിമ പൊതുയോഗത്തിൽ ആരും പങ്കെടുത്തിട്ടില്ലാത്തതിനാലും സംഘം സമാപ്തീകരിച്ചുകൊണ്ടും കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യാവുന്നതാണെന്നും പരാമർശം (2) പ്രകാരം ലിക്വിഡേറ്റർ ശിപാർശ ചെയ്തിട്ടുള്ളതുമാണ്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

നീരാട്ടുകാവ് കക്കുടുമൺ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നം. പി റ്റി 74 (ഡി) ആപ്കോസ് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ടും വകുപ്പ് 74 പ്രകാരം സംഘത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്തും സംഘത്തിന്റെ പേര് ക്ഷീരസംഘങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സംഘത്തിന്റെ രജിസ്റ്ററുകളും രേഖകളും ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും ഈ കാലാവധിയ്ക്ക് ശേഷം രജിസ്ട്രാറിന്റെ മുൻകൂർ അനുവാദത്തോടു കൂടി നശിപ്പിക്കാവുന്നതുമാണ്.

ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടറുടെ (ഒപ്പ്)
കാര്യാലയം, പത്തനംതിട്ട **ഡെപ്യൂട്ടി ഡയറക്ടർ**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ക്ലെയിം നോട്ടിസ്

( കേരള സഹകരണ നിയമം ചട്ടം 69(2) പ്രകാരം ലിക്വിഡേറ്റർ പുറപ്പെടുവിക്കുന്നത്)

നം DESU-TSROVLR/25/2023 Dt. 18.07.2026

നടവരമ്പ് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ളിപ്തം നം ആർ 117 ഡി ആപ്കോസിന്റെ പ്രവർത്തനം 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ 71(1), 72 വകുപ്പുകളനുസരിച്ച് സമാപ്തീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. തൃശ്ശൂർ ക്ഷീരവികസനവകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 24.09.2025 തിയ്യതിയിലെ DDTSR/10084/2021/ സി നമ്പർ ഉത്തരവനുസരിച്ച് 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ 71 (1) വകുപ്പ് പ്രകാരം വെള്ളാങ്ങല്ലൂർ ക്ഷീരവികസന യൂണിറ്റിലെ ക്ഷീരവികസന ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ നടവരമ്പ് ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ളിപ്തം നം ആർ 117 ഡി ആപ്കോസ് സംഘത്തെ സംബന്ധിച്ച് എല്ലാ അവകാശവാദങ്ങളും താഴെ പേരെഴുതി ഒപ്പിടുന്ന സമാപ്തീകരണ ഉദ്യോഗസ്ഥനെ നേരിട്ടോ അധികാരപ്പെടുത്തിയ എജന്റ് മുഖാന്തിരമോ ഈ നോട്ടീസ് പരസ്യം ചെയ്ത തിയ്യതി മുതൽ 2 (രണ്ട്) മാസത്തിനുള്ളിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതാണെന്ന് സകലമാന പേരേയും ഇതിനാൽ അറിയിച്ച് കൊള്ളുന്നു.

ഒപ്പ്

ലിക്വിഡേറ്റർ

ക്ഷീരവികസനയൂണിറ്റ്

വെള്ളാങ്ങല്ലൂർ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.04 05:47:34 +05:30